(എഫ്) മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനും താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

സർക്കാരിന്റെ കോഴിവളർത്തൽ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ഒരു ദിവസം പ്രായമുള്ള മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നു. നടപ്പുവർഷം 35 ലക്ഷം മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. സർക്കാർ ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമുള്ള കോഴി കുഞ്ഞുങ്ങളെ മൃഗസംരക്ഷണ വകുപ്പിന്റെ സാമ്പത്തിക സാങ്കേതിക സഹായത്തോടെ പ്രവർത്തിക്കുന്ന എഗ്ഗർ നേഴ്സിറികളിൽ വളർത്തി ത്രിതല പഞ്ചായത്തുകളുടെ ജനകീയാസൂത്രണ പദ്ധതികൾവഴി വിട്ടുമുറ്റത്തെ കോഴിവളർത്തൽ പ്രോൽസാഹിപ്പിക്കുന്നതിന് കർഷകർക്ക് വിതരണം ചെയ്യുന്നു. കോഴികളുടെ ആരോഗ്യ സംരക്ഷണം, രോഗപ്രതിരോധ നടപടികൾ എന്നിവ മൃഗാശുപത്രികൾവഴി സൗജന്യമായി സ്വീകരിച്ചുവരുന്നു. ശാസ്ത്രീയ കോഴിവളർത്തൽ സംബന്ധിച്ച് കർഷകർക്ക് മൃഗസംരക്ഷണ പരിശീലന കേന്ദ്രങ്ങൾ വഴി പരിശീലനം നൽകിവരുന്നു. പാലോട് വെറ്ററിനറി ആന്റ് ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ കോഴിരോഗങ്ങൾക്കെതിരെ പ്രതിരോധശക്തി നൽകുന്ന വാക്സിനുകൾ ഉൽപ്പാദിപ്പിച്ച് മൃഗാശുപത്രികൾവഴി കർഷകർക്ക് ലഭ്യമാക്കുന്നു. കേരള കാർഷിക സർവ്വകലാശാല, പൗൾട്രി വികസന കോർപ്പറേഷൻ, മീറ്റ് പ്രോഡക്ടസ് ഓഫ് ഇന്ത്യ, മൃഗസംരക്ഷണ വകുപ്പ് തുടങ്ങിയ ഏജൻസികളുടെ സംയുക്ത സംരംഭം എന്ന നിലയ്ക്ക് ഒരു സംയോജിത കോഴിവളർത്തൽ വികസന പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

13 (*308) **ഭൂവിനിയോഗ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി**

ശ്രീ. പി. രാഘവൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് ഭൂവിഭവങ്ങളെ ക്രമാതീതമായും അശാസ്ത്രീയമായും ചൂഷണം ചെയ്തുവരുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് ഭൂവിഭവ സംരക്ഷണ വാരം ആചരിക്കാറുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഭൂവിഭവ സംരക്ഷണത്തിന്റെ അപര്യാപ്തതയും പ്രാധാന്യവും സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ ബോധവത്ക്കരണം ആവശ്യമാണെന്ന് കരുതുന്നുണ്ടോ;

(ഇ) എങ്കിൽ ഇതിനായി ഭൂവിനിയോഗബോർഡ് എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ):

(എ) ഇതിലേയ്ക്കായി ഭൂവിനിയോഗബോർഡ് പുനഃസംഘടിപ്പിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്.

(ബി) ഉണ്ട്. ഭൂവിഭവശോഷണവുമായി ബന്ധപ്പെട്ട പഠനങ്ങൾ ഭൂവിനിയോഗ ബോർഡ് നടത്തിയിട്ടുണ്ട്. റിപ്പോർട്ടുകൾ ബന്ധപ്പെട്ട വകുപ്പുകൾക്കു നൽകിയിട്ടുണ്ട്. കൂടുതൽ പഠനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. കൂടാതെ ഭൂവിഭവ സംരക്ഷണത്തിന്റെ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിക്കൊണ്ടിരിക്കുന്നു.

(സി) ഉണ്ട്. ഭൂവിഭവ സംരക്ഷണം, വികസനം, പരിപാലനം ഇവയാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(ഡി) ഉണ്ട്.

(ഇ) തദ്ദേശസ്വയംഭരണ സ്ഥാപനവുമായി യോജിച്ചുകൊണ്ട് ജില്ല/ബ്ളോക്ക്/പഞ്ചായത്ത് തലങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ കഴിഞ്ഞ അഞ്ചുവർഷമായി നടത്തിവരുന്നു.

14 (*309) കായലോര വിനോദസഞ്ചാരം പരിപോഷിപ്പിക്കുന്നതിന് നടപടി

ശ്രീ. പി.കെ. കുമാരൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വികസനത്തിൽ ഏറെ സാദ്ധ്യതകൾ ഉള്ള കായലോര ജല വിനോദസഞ്ചാരം പരിപോഷിപ്പിക്കേണ്ടതുണ്ടെന്നു സർക്കാർ കരുതുന്നുണ്ടോ;

(ബി) എങ്കിൽ കായലോര വിനോദസഞ്ചാരം ഉപയോഗപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടി സ്വീകരിച്ചെന്നു വെളിപ്പെടുത്തുമോ;

(സി) കുട്ടനാട്-പമ്പ കായലോര ജല ഗതാഗത പാതയുടെ വികസന പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലെന്നു വെളിപ്പെടുത്തുമോ;

(ഡി) കൊല്ലം, തിരുവനന്തപുരം, വെസ്റ്റ്കോസ്റ്റ് കനാലിൽ ഹൗസ് ബോട്ട് സർവ്വീസ് ഏർപ്പെടുത്തുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) സംസ്ഥാനത്ത് കായലോര വികസന പദ്ധതി വ്യാപിപ്പിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്തിന്റെ ഏതൊക്കെ പ്രദേശങ്ങളിലേക്കാണ് പ്രസ്തുത പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ, ചന്ദ്രശേഖരൻ നായർ):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly